©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 23<br>23rd October 2018<br>1194 തുലാം 6<br>6th Thulam 1194<br>1940 കാർത്തികം 1<br>1st Karthika 1940 | നമ്പർ<br>No. | 42 |

# PART III

# Fisheries Department

### ദർഘാസ് പരസ്യം

നമ്പർ SIF (c) AP/Bird net Truss work/2018–19.

2018 സെപ്റ്റംബർ 28.

2018–19 സാമ്പത്തിക വർഷത്തെ അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രവർത്തനങ്ങളുടെ ഭാഗമായി ചുള്ളിയാർ റിസർവോയർ മൽസ്യ വിത്തുൽപ്പാദന കേന്ദ്രത്തിലെ മൽസ്യക്കുളങ്ങൾക്ക് മുകളിൽ ബേർഡ്നെറ്റ് സ്ഥാപിക്കുന്നതിനായുള്ള ട്രസ്സ് വർക്ക് ചെയ്യുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രവർത്തിയുടെ പേര്—ചുള്ളിയാർ റിസർവോയർ മൽസ്യ വിത്തുൽപ്പാദന കേന്ദ്രം ബേർഡ് നെറ്റ് സ്ഥാപിക്കുന്നതിനുള്ള ട്രസ്സ് വർക്ക്.

**പ്രവർത്തിയുടെ സവിശേഷതകൾ**

1. ട്രസ്സ് വർക്ക് ആവശ്യമുള്ള ഏരിയ

Plot 1: 840$m^2$ ; Plot 2: 1770$m^2$; Plot 3: 825$m^2$ Total:3435$m^2$.

2. നിബന്ധനകൾ

മൽസ്യവളർത്ത് ടാങ്കുകൾക്ക് ചുറ്റും 7 അടി ഉയരത്തിൽ ബേർഡ് നെറ്റ് വിരിക്കാൻ പറ്റുന്ന രീതിയിൽ ട്രസ്സ് വർക്ക് ചെയ്യേണ്ടതാണ്. ടാങ്കുകൾക്ക് ചുറ്റും GI തൂണുകൾ സ്ഥാപിച്ച് അവയുടെ മുകളിൽ ദീർഘ ചതുരാകൃതിയിൽ GP സ്ക്വയർ പൈപ്പുകൾ ഉപയോഗിച്ച് ഫ്രെയിം വർക്ക് ചെയ്യേണ്ടതാണ്. തൂണുകൾ അനുയോജ്യമായ രീതിയിൽ കോൺക്രീറ്റ്/വെൽഡിംഗ് ഉപയോഗിച്ച് മൽസ്യവളർത്ത് ടാങ്കുകളുമായി ഉറപ്പിച്ച് നിർത്തേണ്ടതാണ്.

3. അളവുകൾ

തൂണുകൾക്ക് 3" GI റൗണ്ട് പൈപ്പുകൾ ഉപയോഗിക്കേണ്ടതാണ്. കോൺക്രീറ്റ് ഉപയോഗിച്ച് ഉറപ്പിക്കുന്നതിനായി ഉപരിതലത്തിൽ നിന്നും 1.5 അടി ആഴത്തിൽ കുഴിയെടുത്ത് തൂണുകൾ ടാങ്കുകളുമായി ക്ലാമ്പ് ചെയ്തതിനുശേഷം കോൺക്രീറ്റ് ചെയ്യേണ്ടതാണ്. GI തൂണുകൾക്ക് 2 mm എങ്കിലും ഘനം/ഗേജ് ഉണ്ടാകേണ്ടതാണ്. GP സ്ക്വയർ പൈപ്പുകൾ 1½"-1½" അളവുള്ളതും 1.5 mm ഘനവും ഉണ്ടാകേണ്ടതാണ്.

4. മറ്റ് നിബന്ധനകൾ

ട്രസ്സ് വർക്ക് ചെയ്ത തൂണുകൾ/ഫ്രെയിമുകളുടെ പുറത്ത് മെറ്റൽ പ്രൈമർ & ഇനാമൽ പെയിന്റിംഗ് ചെയ്യേണ്ടതാണ്. ഫ്രെയിം വർക്കിന് കുറുകെ നൈലോൺ കയറുകൾ വലിച്ച് കെട്ടാവുന്ന രീതിയിൽ സ്കയർ പൈപ്പുകളിൽ സ്പോട്ടുകൾ വെക്കേണ്ടതാണ്. ട്രസ്സ് വർക്ക് പൂർത്തീകരിച്ചതിനു ശേഷം ബേർഡ് നെറ്റ് സ്ഥാപിച്ചുതരേണ്ടതാണ്.

ദർഘാസ് ഫോറത്തിന്റെ വില—` 1,200 (GST ഉൾപ്പെടെ)

ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും—29-10-2018 ഉച്ചയ്ക്ക് 12 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—29-10-2018, വൈകുന്നേരം 5 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—30-10-2018, പകൽ 11 മണി.

ദർഘാസ് സമർപ്പിക്കുന്ന കവറിനുപുറത്ത് ''ബേർഡ് നെറ്റ്-ട്രസ്സ് വർക്കിനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തേണ്ട താണ്. മുദ്രവെച്ച ദർഘാസുകൾ മേൽ സൂചിപ്പിച്ച നിശ്ചിത സമയത്തിനുള്ളിൽ "ഫിഷറീസ് സബ് ഇൻസ്പെക്ടർ, ചുള്ളിയാർ റിസർവോയർ മൽസ്യവിത്തുൽപ്പാദന കേന്ദ്രം, ചുള്ളിയാർ ഡാം P.O., പാലക്കാട്-678 507" എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. വൈകി ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസ് സമർപ്പിച്ചവരുടെ/ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മേൽ സൂചിപ്പിച്ച തീയതിയിലും സമയത്തും ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകളോടൊപ്പം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റും സ്കെച്ച്/പ്ലാൻ/മാപ് എന്നിവയും വെയ്ക്കേണ്ടതാണ്. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്ന താണ്. ദർഘാസുകളോടൊപ്പം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുകയുടെ 1% നിരതദ്രവ്യ മായി ''ഫിഷറീസ് സബ് ഇൻസ്പെക്ടർ, ചുള്ളിയാർ ഡാം പി. ഒ., പാലക്കാട്'' എന്ന പേരിൽ ദേശസാൽകൃത ബാങ്കുകളിൽനിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് വെയ്ക്കേണ്ട താണ്. നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്ന താണ്. പ്രവർത്തിക്കുള്ള ഉത്തരവ് ലഭിച്ചാൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സമയം ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രവർത്തിയുമായി ബന്ധപ്പെട്ട് എല്ലാ അനുബന്ധ ചിലവുകളും സ്വന്തം നിലയിൽ ദർഘാസ് സമർപ്പിക്കുന്ന വ്യക്തി നിർവ്വഹിക്കേണ്ടതാണ്.

യാതൊരു കാരണവശാലും ദർഘാസ് ഫോറത്തിന്റെ വില തിരിച്ച് നൽകുന്നതല്ല. യാതൊരു കാരണവും കൂടാതെ ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ദർഘാസുകൾക്ക് ബാധകമായ എല്ലാ നിയമ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായി രിക്കും. ദർഘാസ് നടപടികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ഫോറത്തിനും പ്രവർത്തി സമയങ്ങളിൽ ചുള്ളിയാർ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസുമായി നേരിൽ ബന്ധപ്പെടാവുന്നതാണ്. മേൽ പറഞ്ഞിരിക്കുന്ന ട്രസ്സ് വർക്കിനുവേണ്ടി അടങ്കൽ തുകയായി ` 3 ലക്ഷം ആണ് അനുവദിച്ചിരിക്കുന്നത് എന്ന് അറിയിച്ചുകൊള്ളുന്നു.

ചുള്ളിയാർ റിസർവോയർ,
മൽസ്യവിത്തുൽപ്പാദന കേന്ദ്രം, (ഒപ്പ്)
ചുള്ളിയാർ ഡാം പി. ഒ., സബ് ഇൻസ്പെക്ടർ ഓഫ്
പാലക്കാട്-678 507. ഫിഷറീസ്.